**Rs. 20/-** **Keraleeyam** 2010 September Registered KL/CR/TCR/353/2009-11 Posted at Thrissur RMS/2 on 20&21/9/2010

# കോവളത്തെ കൃത്രിമപാര്: ജുഡീഷ്യൽ അന്വേഷണം വേണം

കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ
കേരള ടൂറിസം വാച്ച്

കോവളത്ത് കേരളാ വിനോദസഞ്ചാര വകുപ്പ് നിർമ്മിച്ച കൃത്രിമ പാരുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളെയും കുറിച്ച് സമഗ്രവും നീതിയുക്തവുമായ ജുഡീഷ്യൽ അന്വേഷണവും സോഷ്യൽ ഓഡിറ്റിംഗും നടത്തണമെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷനും, കേരളാ ടൂറിസം വാച്ചും സംയുക്തമായി ആവശ്യപ്പെടുന്നു. തീര സംരക്ഷണത്തിനായി കടലിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച ജിയോ-ടെക്സ്റ്റൈൽ ബാഗുകൾ പദ്ധതി പൂർത്തിയായി രണ്ടാഴ്ചയ്ക്കകം തകർന്ന് തീരത്തടിഞ്ഞു. അതേസമയം ഇത്തരത്തിലുള്ള കൂടുതൽ കൃത്രിമപാര് കേരളത്തിലും മറ്റ് സംസ്ഥാനങ്ങളായ ഗോവ, മഹാരാഷ്ട്ര, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിലേക്കും ഏ.ഡി.ബിയുടെയും ലോക ബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെ വ്യാപിപ്പിക്കാൻ പോകുന്നത് ആശങ്കാജനകമാണ്.

കേന്ദ്രസർക്കാർ സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തിനു നൽകിയ തുകയിൽ നിന്ന് 8 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ജിയോ-ടെക്സ്റ്റൈൽ ബാഗുകളാണ് പലഘട്ടങ്ങളിലായി തകർന്ന് കരയ്ക്കടിഞ്ഞത്. തീരസംരക്ഷണം, മത്സ്യബന്ധനത്തിന്റെ തോത് വർദ്ധിപ്പിക്കൽ കൂടാതെ വിനോദ സഞ്ചാരമേഖലയിൽ അനുകൂല ഘടകങ്ങൾ സൃഷ്ടിക്കൽ എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങൾ തീർത്തും പരാജയപ്പെട്ടു. മാത്രമല്ല കോവളം തീരങ്ങളിൽ കമ്പിവല ഉപയോഗിക്കുന്ന മത്സ്യതൊഴിലാളികളുടെ വലകൾ കേടുവരുന്ന രീതിയിലേക്ക് ഇത് മാറികഴിഞ്ഞു. അതേസമയം പാര് നിർമ്മിച്ച ന്യൂസിലാന്റ് ആസ്ഥാനമായ ഏ.എസ്.ആർ.ലിമിറ്റഡ് എന്ന കമ്പനി പാര് വിജയമാണെന്ന് കാണിച്ച് ശക്തമായ പ്രചാരണം നടത്തുന്നു. ഇത് മറ്റ് തീരങ്ങളിലേക്ക് കൂടുതൽ പദ്ധതികൾക്കായുള്ള ഗൂഢലക്ഷ്യമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇവർക്ക് സഹായകരമായി കേരള വിനോദ സഞ്ചാരവകുപ്പും നിലപാടുകൾ സ്വീകരിക്കുന്നു. എന്നാൽ ഏ.എസ്.ആർ. കമ്പനിയോ, വിനോദസഞ്ചാര വകുപ്പോ പാരിന്റെ തകർച്ചയെ സംബന്ധിച്ച കാര്യങ്ങളിൽ മൗനം പാലിക്കുകയാണ്. സിംഗിൾ ടെണ്ടർ വഴി നിർമ്മിച്ച ഈ പാരിന്റെ സാങ്കേതിക വശങ്ങൾ വിലയിരുത്തിയത് കേരളാ വിനോദസഞ്ചാര വകുപ്പും, സെസ്സും (CESS) ചേർന്നാണ്. അതേസമയം ഇതിന്റെ ശാസ്ത്രീയ വശങ്ങൾ പരിശോധിച്ച വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ യോഗ്യത ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഇത്തരത്തിലുള്ള ശാസ്ത്രീയ പദ്ധതികൾ നടപ്പിലാക്കുമ്പോൾ നടത്തേണ്ട പാരിസ്ഥിതി ആഘാത പഠനമോ, മത്സ്യ ആഘാതപഠനമോ, സാമൂഹിക ആഘാത പഠനമോ ഇവിടെ നടത്തിയിട്ടില്ല.

3000 മീറ്റർ ക്യൂബിന് 4 കോടി രൂപ കണക്കാക്കി പ്രാരംഭ പ്രവർത്തനം തുടങ്ങിയപ്പോൾ ഇടയ്ക്ക് വച്ച് പദ്ധതിയുടെ വലിപ്പം 1000 മീറ്റർ ക്യൂബ് വർദ്ധിപ്പിച്ച് 4000 മീറ്റർ ക്യൂബാക്കി. എന്നാൽ അതോടൊപ്പം വർദ്ധിപ്പിച്ച തുക 4 കോടിയിൽ നിന്ന് 8 കോടി രൂപയാണ്. ഈ നിർദ്ദേശം വിനോദസഞ്ചാര വകുപ്പ് പൂർണ്ണമായി അംഗീകരിക്കുകയും പദ്ധതി നടത്തിപ്പിന് അംഗീകാരം നൽകുകയും ചെയ്തു. ഇത് സംശയങ്ങൾ വർദ്ധിപ്പിക്കുന്നു.കോസ്റ്റൽ മറൈൻ ടാസ്ക് ഫോഴ്സിന്റെ പ്ലാനിംഗ് ബോർഡ് ആദ്യഘട്ടത്തിൽ തള്ളിക്കളഞ്ഞ ഈ പദ്ധതിയുടെ അനുമതിയ്ക്കായുള്ള ഏഎസ്ആർ. കമ്പനിയുടെ കുറച്ച് നാളത്തെ ശ്രമം കേരള വിനോദസഞ്ചാര വകുപ്പ് അംഗീകരിച്ചു. അതുകൊണ്ടു തന്നെ ഉദ്യോഗസ്ഥരും, ശാസ്ത്രജ്ഞരും, ഏ.എസ്.ആർ. എന്ന കുത്തക കമ്പനിയും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിനെക്കുറിച്ച് വിശദമായ ജുഡീഷ്യൽ അന്വേഷണം നടത്തേണ്ടതുണ്ട്. സുനാമി തുക ഉപയോഗിച്ച് നിർമ്മിച്ച ഈ പദ്ധതിയുടെ വിശദവിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയപ്പോൾ അത് നിരസിച്ചു. അതോടൊപ്പം തെറ്റായ രേഖകളാണ് വിനോദസഞ്ചാര വകുപ്പിന്റെ അവാർഡുകൾക്കർഹമായ വെബ്സൈറ്റിൽ നൽകിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെക്കുറിച്ചും ജുഡീഷ്യൽ അന്വേഷണവും സോഷ്യൽ ഓഡിറ്റിംഗും ആവശ്യമാണ്.

ബന്ധങ്ങൾക്ക്: 9447218282, 9447429243

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com